പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 173 — 05.12.2018-ൽ മറുപടിക്ക്

## ഉന്നത നിലവാരത്തിലുള്ള ആതുരസേവന സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജ് ഉൾപ്പെടെ ത്രിതലങ്ങളിലുള്ള ആതുരസേവന സ്ഥാപനങ്ങൾ ഉന്നതനിലവാരത്തിലുള്ളവയാക്കി മാറ്റി സ്വകാര്യ ആശുപത്രികളുടെ മേലുള്ള ആശ്രിതത്വം കുറയ്ക്കുന്നതിന് കിഫ്ബി വഴിയും അല്ലാതെയും നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ആരോഗ്യ മേഖലയിൽ നൂതന സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള സമഗ്ര വികസനം നടപ്പിലാക്കുന്നത് പ്രധാനമായും സംസ്ഥാന പദ്ധതി വിഹിതം മുഖേനയാണ്. ഇതിനു പുറമേ കേന്ദ്ര സഹായം, കിഫ്ബി, മറ്റുള്ള ധനസഹായങ്ങൾ എന്നിവ വഴിയും ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇത് വഴി രോഗികൾക്ക് മികച്ച രീതിയിൽ ചികിത്സ നൽകുവാനും ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുവാനും സാധിക്കുന്നു.<br><br>തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, വയനാട് മെഡിക്കൽ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി M/S. ഇൻകൽ (INKEL) ലിമിറ്റഡിനെയും, കോട്ടയം, കോന്നി മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ M/S.HITES നെയും ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേക്ക് 4 കോടി രൂപ വീതം ചെലവഴിച്ച് CT സിമുലേറ്റർ വാങ്ങുന്നതിനും. കോട്ടയം മെഡിക്കൽ കോളേജിലേക്ക് 2 കോടി രൂപയ്ക്ക് എം.ആർ.ഐ. സ്കാനറും. 3.30 കോടി രൂപയ്ക്ക് DSA മെഷീൻ വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് 1.60 കോടി രൂപ ചെലവഴിച്ച് CT സ്കാനർ വാങ്ങുന്നതിനും ഭരണാനുമതി |

നൽകിയിട്ടുണ്ട്. മോളിക്കുലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി (Molecular Diagnostic Facility) ക്രമീകരിക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിന് 1.20 കോടി രൂപയും ഈ സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനത്തിനായി "രോഗീസൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ (Creation of Patient Friendly Hospital Environment)" എന്ന പദ്ധതിയ്ക്ക് 51.8184 കോടി രൂപയുടെ ഭരണാനുമതി സ.ഉ.(സാധാ) നം.773/2017/ആ.കു.വ തീയതി 22/03/2017 പ്രകാരം നൽകിയിരുന്നു. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 12.92 കോടി രൂപ NHM-ന് കൈമാറിയിട്ടുണ്ട്. 'മെഡിക്കൽ കോളേജുകളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും, വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപണിയും' എന്ന പദ്ധതിയ്ക്കായി 11.86 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, എറണാകുളം മെഡിക്കൽ കോളേജുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കാണ് ഈ തുക അനുവദിച്ചിരിക്കുന്നത്.

കിഫ്ബി മുഖേന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ട 10 ആശുപത്രികളിൽ കാത്ത് ലാബ് യൂണിറ്റും, 44 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും ആരംഭിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും അടിസ്ഥാന ഭൗതിക സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിച്ച് സേവനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 503 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും അവിടങ്ങളിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരികയുമാണ്.

| | | | |
|---|---|---|---|
| | | | ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമായി ചുവടെ പറയുന്ന പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി.രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, ശ്വാസ്, ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ ലഭ്യമാക്കി വരുന്നു.<br>സംസ്ഥാനത്തെ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകേണ്ടുന്ന സൗകര്യങ്ങളുടേയും സേവനങ്ങളുടേയും നിലവാരം നിർണ്ണയിക്കുന്നതിനായി അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും വ്യവസ്ഥ ചെയ്തു കൊണ്ട് 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് വിജ്ഞാപനം ചെയ്തു. ആയതിന്റെ കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ആശുപത്രികളുടെ സൗകര്യം ഉയർത്തുന്നതോടൊപ്പം തന്നെ നൽകുന്ന സേവന നിലവാരം ഉയർത്തുന്നതിനായി സൂപ്പർ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെ പുതുതായി സൃഷ്ടിച്ച തസ്തികകളും ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നിയമിച്ച മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരുടെ | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലായി 1777 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ/പാരാ മെഡിക്കൽ വിഭാഗങ്ങളിലായി 1961 ജീവനക്കാരേയും നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എണ്ണവും അറിയിക്കാമോ: | | നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പിൽ ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി സൂപ്പർസ്പെഷ്യാലിറ്റി, മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ 2142 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച തസ്തികകൾ ഉൾപ്പെടെ ആകെ 4470 മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | ഗുണനിലവാരത്തിനും പ്രവർത്തന മികവിനും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നൽകുന്ന നാഷണൽ ക്വാളിറ്റി അഷ്വറൻസ് സർട്ടിഫിക്കേഷൻ സംസ്ഥാനത്തെ എത്ര സർക്കാർ ആശുപത്രികൾക്ക് നേടാനായി; സംസ്ഥാന സർക്കാർ നിർണ്ണയിച്ചിട്ടുള്ള കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാന്റേഡ്സ് ഫോർ ഹോസ്പിറ്റൽസ്) നിലവാരം എത്ര ആശുപത്രികൾ കൈവരിച്ചെന്ന് അറിയിക്കാമോ? | (സി) | കേരളത്തിൽ ഇതിനോടകം 14 സർക്കാർ ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് അംഗീകാരം ലഭിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് ഇതുവരെ 38 ആശുപത്രികൾക്കാണ് കേരള അക്രെഡിറ്റേഷൻ സ്റ്റാന്റേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) പദവി ലഭിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**